# പലിശ: മനുഷ്യമനസ്സാക്ഷിയുടെ മഹാരോഗം

**കേരളം** ഇന്നൊരു സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് നമുക്കെല്ലാവർക്കും അറിയാം. കർഷകർ, തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, സ്വയം സംരംഭകർ എന്നിങ്ങനെ എല്ലാ മേഖലയിലുള്ളവരും വ്യത്യസ്ത കാരണങ്ങളാൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുകയാണ്. ഈയൊരു സാമ്പത്തിക കാലാവസ്ഥ പലിശക്ക് പണംകൊടുക്കുന്നവരുടെ ഉത്സവകാലമാവുന്നു. ആവശ്യക്കാർ അധികമാവുമ്പോൾ പലിശനിരക്ക് കുത്തനെ വർധിക്കുന്നു. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ നടത്തിയെടുക്കാൻ പറഞ്ഞ പലിശ സമ്മതിച്ച് പണം കടംവാങ്ങാൻ നിർബന്ധിതരാകുന്നു അത്യാവശ്യക്കാർ. അമിതപലിശക്ക് പണം കടം വാങ്ങുന്ന ഓരോരുത്തനും എയ്ഡ്സ് രോഗിയെപ്പോലെ മരണത്തിന്റെ നിഴലിലാകുന്നു. രക്ഷപ്പെടൽ ചുരുക്കം മാത്രം.

പലിശ കെണിയിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെക്കുറിച്ച് പഠനം നടത്തിയ കൊട്ടാരം ജോർജ് കണ്ടെത്തിയ വസ്തുക്കൾ ഞെട്ടിപ്പിക്കുന്നവയാണ്. 1997 ഏപ്രിൽ മുതൽ ഒരു വർഷക്കാലം നീണ്ടുനിന്ന പഠനക്കാലത്തിനിടക്ക് പലിശകുരുക്കിൽപ്പെട്ട് മരിച്ച 1325 പേരുടെ വിവരങ്ങൾ അദ്ദേഹം കണ്ടെത്തുകയുണ്ടായി. 9850 പേർക്ക് അവർ പണയം നൽകിയ ഭൂമി നഷ്ടപ്പെട്ടു. 5350 പേർക്ക് താമസിച്ചിരുന്ന വീടുൾപ്പെടെ നഷ്ടപ്പെട്ടു. 2100 പേർ ജയിലിലും 1150 പേർ മനോരോഗികളും ആയി. 325 കുടുംബങ്ങൾ നാഥന്മാർ നഷ്ടപ്പെട്ട് അനാഥമായി. 440 സ്ത്രീകൾ വിധവകളായി. 5500 പേർ നാടുവിട്ടു പോയി. 2600 പേർക്ക് മർദനമേറ്റു.

പലിശക്കു കടമെടുത്തു തുടങ്ങിയ 6300 കച്ചവടസ്ഥാപനങ്ങളും 75 ഫാക്ടറികളും അടച്ചു. 3500 ബസുകൾ ഓട്ടം നിർത്തി. 13,000 ബസുകൾ പലിശകൊടുക്കാത്തതിന്റെ പേരിൽ പലിശക്കാരുടെ കൈയിലായി കഴിഞ്ഞു.

കേരളത്തിൽ ഉള്ള 60 ലക്ഷം കുടുംബങ്ങളിൽ യാതൊരുതരത്തിലുള്ള പലിശയും കൊടുക്കാത്തവർ ഒരു ശതമാനം പോലുമില്ല. ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ, ചിട്ടിക്കമ്പനികൾ തുടങ്ങിയവയിൽ നിന്നും ഭീകരമല്ലാത്ത വ്യവസ്ഥകൾക്കു വിധേയമായി പണം കടമെടുത്തിട്ടുള്ളവരാണ് ഭൂരിഭാഗവും. എങ്കിലും; കൊള്ളപലിശയ്ക്കു കടം വാങ്ങി കടകെണിയിലായ 10 ലക്ഷത്തോളം കുടുംബങ്ങൾ കേരളത്തിലിന്നുണ്ട്. ഏകദേശം 500 കോടി (അതെ, അഞ്ഞൂറുകോടി) രൂപ ഓരോ മാസവും പലിശയിനത്തിൽ മാത്രം കേരളത്തിൽ ചെലവാക്കപ്പെടുന്നു.

ഈ കണക്കുകൾ കണ്ണുകൊണ്ട് വായിച്ചുതള്ളാതെ മനസിലേക്കെടുത്തു നോക്കൂ- എത്ര ഭീകരമാണ്, ദയനീയമാണ് നമ്മുടെ അവസ്ഥ.

സർക്കാരു മുതൽ കയ്യിൽ ആയിരം രൂപ നീക്കിയിരിമുള്ള ഏതു കൂലിപ്പണിക്കാരിയും വരെ പണം പലിശക്കു കൊടുക്കുന്നു ഇവിടെ. പലിശയ്ക്കു പണം കൊടുക്കുന്നതിൽ തെറ്റില്ലെന്നു സർക്കാരു മാത്രമല്ല പള്ളിയും പട്ടക്കാരും വരെ സമാധാനിപ്പിക്കുന്ന അവസ്ഥ. ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും പേരിൽ നടത്തുന്ന ദേശക്കുറികളും സമുദായക്കുറികളും അത്യാവശ്യക്കാരന്റെ ഞെരമ്പു മുറിച്ച് പിടുങ്ങുന്ന പലിശപ്പണംകൊണ്ട് കാവടിയാടിയും കതിനപൊട്ടിച്ചും പന്തലൊരുക്കിയും നടത്തുന്ന ഇന്നത്തെ ഉത്സവാഘോഷങ്ങൾ പാവപ്പെട്ടവന്റെ നെഞ്ചിനു മുകളിലാണ് ആടിത്തീരുന്നത്.

പലിശവാങ്ങുന്നത് തെറ്റാണെന്ന് തുറന്നുപറയുന്നതും കുറേപ്പേരെങ്കിലും ഇപ്പോഴും അതു തെറ്റുതന്നെ എന്നംഗീകരിച്ച് ജീവിക്കുന്നതും മുസ്ലീംസമുദായത്തിൽമാത്രമാണ്. മറ്റു മതക്കാരിൽ പലരും സ്വന്തം ധാർമികതയുടെ ഭാഗമായി പലിശവാങ്ങാതെ നോക്കുമ്പോൾ ഒരു സമുദായമെന്ന നിലയിൽ, ഒരു സമുദായ നിഷ്ഠയെന്ന നിലയിൽ, അതിനെ എതിർക്കുന്നത് മുസ്ലീങ്ങൾ മാത്രമാണ്. പക്ഷേ വ്യക്തിപരമായ് പണക്കൊതി ഈ സമുദായത്തിലെ ഒട്ടേറെ വ്യക്തികളെ പലിശയ്ക്കു പണം കൊടുക്കുന്നവരായും ബ്ലേഡ് കമ്പനി പാർട്ണർമാരെയും മാറ്റിയിട്ടുണ്ട്. ഇത്തരം സ്വാർഥമതികളുടെ എണ്ണം അനുദിനംകൂടിവരികയാണ്.

ഈ സന്ദർഭത്തിലാണ് ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിൽ പലിശക്കെതിരെ നടന്നുവരുന്ന പ്രചരണപ്രവർത്തനങ്ങൾ എല്ലാവരും സഹകരിക്കേണ്ട ഒരു സംരംഭമായി തീരുന്നത്. പലിശക്കെതിരേയുള്ള ബോധവൽക്കരണത്തോടൊപ്പം പലശിയില്ലാത്ത വായ്പ ലഭ്യമാക്കാനുള്ള ചിലശ്രമങ്ങളും അവർ നടത്തുന്നു എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. കേരളത്തിലാകമാനം പ്രത്യേകിച്ചും മുസ്ലീം മേഖലകളെ കേന്ദ്രീകരിച്ച് ജമാ അത്തെ ഇസ്ലാമിയുടെ പ്രചരണ ക്യാമ്പയിൻ നടന്നുവരികയാണ്.

പലിശക്കാരൻ സമ്പാദിക്കുന്നതിന്റെ ശതാംശമോ ദശാംശമോ ദാനം ചെയ്തുകൊണ്ട് അവന്റെ സമ്പാദ്യത്തിലെ കണ്ണീരിന്റെ ഉപ്പ് ഇല്ലാതാവുകയില്ല. പലിശക്കാരൻ യഥാർഥദൈവത്തിനു മുന്നിലും മനുഷ്യസമൂഹത്തിനു മുന്നിലും തെറ്റാണ് ചെയ്യുന്നത്. പലിശരഹിതമായ ഒരു സാമ്പത്തിക ക്രമത്തെ സ്വപ്നം കാണുക. അതു യാഥാർഥ[illegible]ക്കാൻ നിങ്ങളാലാവുന്നതു ചെയ്യുക.